

The Malankara Orthodox Syrian Church

# GREGORIAN VOICE

2011 JAN 15-30
VOL. 1 ISSUE. 15

OFFICIAL ONLINE JOURNAL


E-mail: editor@gregorianvoice.com, Website: www.gregorianvoice.com
Ph: 0479-2312328, 2312202, Mob: 9447277690


## മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ



പരിശുദ്ധ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ

## അഭിവന്ദ്യ ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത റോം സന്ദർശിക്കുന്നു



മലങ്കര ഓർത്തഡോക്സ് സഭാ തിരുവനന്തപുരം ഭദ്രാസനാധിപൻ അഭി.ഡോ.ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് തിരുമേനി വത്തിക്കാനിലെ റോമിൽ ജനുവരി 24 മുതൽ 29 വരെ നടന്ന ഓറിയന്റൽ ഓർത്തഡോക്സ് ചർച്ചസും കാത്തലിക് ചർച്ചസും തമ്മിലുള്ള എട്ടാമത് ഇന്റർനാഷണൽ ജോയിന്റ് കമ്മീഷൻ ഫോർ തിയോളജിക്കൽ സംവാദത്തിൽ മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ച് പങ്കെടുത്തു. ഓറിയന്റൽ ഓർത്തഡോക്സ് കാത്തലിക് വിഭാഗങ്ങളിൽനിന്നായി 25 പ്രതിനിധികൾ സംബന്ധിച്ചു. 30ന് റോമിലെ സെന്റ് അക്വിനാസ് കോളേജ് ചാപ്പലിൽ അഭി. തിരുമേനി വി.കുർബ്ബാന അർപ്പിച്ചു. അഭി.ഡോ.യൂഹാനോൻ മാർ ദിമിത്രിയോസ്, ഫാ.ഫെലിക്സ് ജോർജ്ജ്, ഡീക്കൻ ജോജി ജോർജ്ജ്, ഡീക്കൻ ടോജോ ബേബി എന്നിവരും വി.കുർബ്ബാനയിൽ സംബന്ധിച്ചു.

# മഹാ പുരോഹിത സന്ദേശം

**വാത്സല്യമക്കളെ!**

വാർദ്ധക്യത്തിലും ആശുപത്രികളിൽ നിന്ന് ഡിസ്ചാർജ് ചെയ്തിട്ട് മരണം മാത്രം പ്രതീക്ഷിച്ച് കഴിയുന്ന അവസ്ഥയിലും ആയിരിക്കുന്നവർക്ക് ആശ്വാസമേകുക എന്നത് സഭയുടെ ദൗത്യനിർവഹണത്തിന്റെ ഭാഗമായി കരുതണം. കോട്ടയം മെഡിക്കൽ കോളജിനു സമീപം കഴിഞ്ഞ 16 വർഷമായി പ്രവർത്തിക്കുന്ന മാർ ഗ്രിഗോറിയോസ് കാരുണ്യനിലയം സാന്ത്വന ശുശ്രൂഷാ സേവനവും ആരംഭിക്കുന്നു എന്നറിയുന്നത് സന്തോഷകരമാണ്. നിർധന രോഗികൾക്കും അവരെ പരിചരിക്കുന്നവർക്കും ആശ്രയകേന്ദ്രമായിരിക്കുന്ന കാരുണ്യനിലയം മരണസന്നരായി കഴിയുന്നവരെ ശുശ്രൂഷിക്കുന്നതിനായി തുടങ്ങുന്ന പദ്ധതി ഏവരുടെയും പിന്തുണയും പ്രാർത്ഥനയും അർഹിക്കുന്നു.

വെല്ലൂർ, തിരുവനന്തപുരം, എറണാകുളം, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ സ്വാന്തനശുശ്രൂഷ നിർവഹിക്കുന്ന സ്ഥാപനങ്ങളുണ്ട്. ഇടവകകളും സന്നദ്ധ സംഘടനകളും ഈ രംഗത്ത് കൂടുതലായി സേവനമനുഷ്ഠിക്കേണ്ടത് ആവശ്യമാണ്. സന്മനസ്സുള്ളവരും സന്നദ്ധസേവനം നടത്താൻ തയ്യാറുള്ളവരുമായ ഡോക്ടർമാർ, നഴ്സുമാർ, യുവാക്കൾ തുടങ്ങിയവരുടെ സേവനം ഈ രംഗത്ത് പ്രയോജനപ്പെടുത്താവുന്നതാണ്. സന്തോഷിക്കുന്നവരോടൊപ്പം സന്തോഷിക്കുകയും കരയുന്നവരോടുകൂടി കരയുകയും ചെയ്യുവിൻ എന്ന ആഹ്വാനം നാമെല്ലാവരും ചെവിക്കൊള്ളേണ്ടതാണ്.

മാർതോമ്മാശ്ലീഹായുടെ പൈതൃകത്താൽ അനുഗ്രഹീതമായിരിക്കുന്ന സഭകളുടെ സംയുക്താഭിമുഖ്യത്തിലും നിലയ്ക്കലിൽ എക്യുമെനിക്കൽ ട്രസ്റ്റിന്റെ ചുമതലയിലും നിലയ്ക്കൽ നിർമ്മിച്ച ദേവാലയത്തിന്റെ രജത ജൂബിലി ജനുവരി 30ന് ആഘോഷിക്കുകയാണല്ലോ? സഭകളുടെ തനിമയും സത്വവും നിലനിർത്തിക്കൊണ്ടു തന്നെ സാമൂഹ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹകരിച്ച് പ്രവർത്തിക്കേണ്ടതിന്റെ പ്രസക്തിയും പ്രാധാന്യവും തിരിച്ചറിഞ്ഞ് ഏവരും പ്രവർത്തിക്കണം.

ദൈവം അനുഗ്രഹിക്കട്ടെ.

**ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ**
*15 - 01 - 2011*

**Editorial**



# അഴിമതി രാജും അനുയായികളും

അഴിമതിയുടെയും ദുർഭരണത്തിന്റെയും കഥകൾ കേട്ടാണ് മലയാളി ദിവസവും ഉണർന്ന് എഴുന്നേൽക്കുന്നത്. 2010ൽ കേന്ദ്ര-സംസ്ഥാന തലത്തിലുള്ള എത്രയോ അഴിമതികളാണ് പുറത്തു വന്നത്. രാഷ്ട്രീയക്കാരുടെ ഇടയിൽ കേന്ദ്രമന്ത്രിമാര വരെയുള്ളവർ കോടിക്കണക്കിന് രൂപയുടെ അഴിമതി നടത്തിയിട്ടും നിയമത്തിനു മുമ്പിൽ വരുവാൻ ഏറെ കാലതാമസം നേരിടുന്നത് ഏവരെയും അതിശയിപ്പിക്കുന്ന ഒരു വസ്തുതയാണ്. 2-ജി സ്പെക്ട്രം അഴിമതിയുടെയും കോമൺ വെൽത്ത് ഗെയിംസിനോട് അനുബന്ധമായി വന്ന അഴിമതിയിലും അഴിമതിക്കാരായ മന്ത്രിമാരോടു പൂർണ്ണസഹകരണം കാട്ടിയത് സിവിൽ സർവ്വീസിൽ ഉന്നത ശ്രേണിയിൽ ഇരിക്കുന്നവരാണ് എന്നുള്ളതും ശ്രദ്ധേയമാണ്. ഇതിലൊക്കെ അമ്പരപ്പുളവാക്കുന്ന ഒന്നാണ് സുപ്രീം കോടതി ചീഫ് ജസ്റ്റിസിനെതിരെ വന്ന അഴിമതി ആരോപണം. ജനാധിപത്യത്തിന്റെ നാലു തൂണുകളായി കരുതപ്പെടുന്ന നിയമ നിർമ്മാണം (ലെജിസ്ളേറ്റീവ്), നിയമ പരിപാലനം (എക്സിക്യുട്ടീവ്), നീതിന്യായ കോടതി (ജ്യുഡീഷ്യറി), മാധ്യമം (മീഡിയാ) എന്നിവയിലെല്ലാം അഴിമതിയുടെ കാൻസർ ബാധിച്ചിരിക്കുന്നു എന്നാണ് ഉറപ്പായത്. ലോകത്തിലെ അഴിമതി ബാധിത രാജ്യങ്ങളുടെ മുൻപന്തിയിലേക്ക് ഭാരതം കുതിച്ചുയർന്നു കൊണ്ടിരിക്കുകയാണ്. കള്ളപ്പണം സ്വിസ് ബാങ്കുകളിൽ നിക്ഷേപിച്ച് കോടിക്കണക്കിന് രൂപാ നികുതിയിനത്തിൽ വെട്ടിപ്പു നടത്തുന്നവരുടെ ലിസ്റ്റ് ഇനി വരാനിരിക്കുന്നതേയുള്ളു. കണ്ടെയ്നർ കണക്കിന് കള്ളനോട്ട് ഭാരതത്തിൽ ഇറക്കുമതി ചെയ്യുന്നവരുമുണ്ട് എന്നതാണ് യാഥാർത്ഥ്യം. ചുരുക്കത്തിൽ ഭാവിലോകത്തിന്റെ പ്രതീക്ഷയും, വികസന കുതിപ്പിൽ ചൈനയോട് പോരാട്ടം നടത്തുന്ന രാജ്യവുമായ ഭാരതത്തിലെ അഴിമതി എന്ന കാൻസറിനെ ചികിത്സിച്ചില്ലായെങ്കിൽ ഒരിയ്ക്കലും ഭേദപ്പെടുത്തുവാൻ കഴിയാതെ മരണത്തിലേക്ക് നയിക്കുന്ന കാൻസർ പോലെ അഴിമതി ഈ രാജ്യത്തെ നശിപ്പിക്കും എന്നത് തീർച്ചയാണ്. പണപ്പെരുപ്പവും, വിലയ്ക്കയറ്റവും ഇങ്ങനെ പോയാൽ ഭാരതത്തിൽ പട്ടിണി കിടക്കുന്നവരുടെ എണ്ണം കൂടുക തന്നെ ചെയ്യും. മുപ്പതു വർഷം കൊണ്ട് ഈജിപ്റ്റിനെ കുട്ടിച്ചോറാക്കിയ പ്രസിഡന്റ് മുബാറക്കിന്റെ അവസ്ഥയായിരിക്കും ഇങ്ങനെ പോയാൽ ഭാരതത്തെ നിയന്ത്രിക്കുന്നവർക്കും നേരിടേണ്ടി വരുന്നത്.

ഇന്ന് ധാരാളം അഴിമതി കഥകൾ പുറത്തു വരുന്നു വെങ്കിലും അത്യന്തികമായി ഇതു നിയന്ത്രിക്കപ്പെടാതെ പോകുന്നതിന് കാരണങ്ങൾ പലതാണ്.

ഒന്നാമത്, വലതുപക്ഷ-ഇടതുപക്ഷ വ്യത്യാസമില്ലാതെ എല്ലാ രാഷ്ട്രീയ പാർട്ടികളിലും ധനത്തോട് അത്യാഗ്രഹമുള്ളവരും ധാർമ്മികത ലേശം പോലും ഉൾക്കൊള്ളാത്തവരുമാണ് കാര്യങ്ങൾ നിയന്ത്രിക്കുന്നത്.

രണ്ടാമത്, അഴിമതി കഥകൾ പുറത്തു കൊണ്ടുവന്നതിൽ മാധ്യമങ്ങൾ പരസ്പരം മത്സരിച്ച് വിജയിക്കുന്നെങ്കിലും അവരുടെ പ്രകടനത്തിന് അല്പായുസ്സേയുള്ളു. ഒരഴിമതിക്കഥയും രണ്ടാഴ്ചയിലധികം ശ്രദ്ധ പിടിച്ചു പറ്റാറില്ല.

അഴിമതിക്കാരെ തുറുങ്കലിലടയ്ക്കുന്നതിലും, ഉചിതമായ ശിക്ഷ കൊടുക്കുന്നതിലും വരുന്ന കാലതാമസം വലിയ വിനയാണ് സൃഷ്ടിക്കുന്നത്.

എല്ലാവരും കുറ്റക്കാരാണ് എന്ന പൊതു ധാരണ അപകടകരമാണ്. സത്യസന്ധതയോടെയും നീതിനിഷ്ഠയോടെയും ജീവിക്കുന്നവർക്ക് മാത്രമേ ഉന്നത സ്ഥാനങ്ങൾ ലഭ്യമാകു എന്നു വരേണ്ടിയിരിക്കുന്നു. രാഷ്ട്രീയത്തിന്റെയും ന്യൂനപക്ഷാവകാശത്തിന്റെയും, പണത്തിന്റെയും, സീനിയോറിട്ടിയുടെയും ഒക്കെ ഉപരി നിയമനങ്ങളെ സ്വാധീനിക്കുന്ന സംവിധാനങ്ങൾ ഉണ്ടാവണം.

ഭാരതീയർ ഉണർന്നു ചിന്തിക്കുകയും ധൈര്യത്തോടെ പ്രതികരിക്കുകയും ചെയ്യണം. അഴിമതിക്കാരെ തിരസ്ക്കരിക്കുവാൻ ഏവരും തയ്യാറാവണം. ഒരു വേദിയിലും മറ്റു പരിഗണനകൾ നൽകി അവരെ പ്രോത്സാഹിപ്പിക്കരുത്. നീതിമാനായ ദൈവത്തോടായിരിക്കണം നമ്മുടെ കടപ്പാട്, മാമ്മോന്റെ സേവകരായ മനുഷ്യരോടാകരുത്.

**ഫാ. ഡോ. റജി മാത്യു**
*(ചീഫ് എഡിറ്റർ)*


## EDITORIAL BOARD

**PRESIDENT**
**H.H. Baselios Marthoma Paulose II**
*Catholicos of the East*

**VICE - PRESIDENTS**
**Dr. Yuhanon Mar Chrisostomos**
**Dr. Zacharia Mar Aprem**

**CHIEF EDITOR**
**Fr. Dr. Reji Mathews**

**MANAGING EDITOR**
**Fr. M.D. Yuhanon Ramban**

**EDITORS**
**Fr. Yuhanon John *(Head Quarters)***
**Asish Punnoose *(Outside India)***

**SUB EDITORS**
**Fr. E.M. Philip**
**Dr. Siby Tharakan**
**Jacob Oommen**

**MEMBERS**
**Fr. Alexander Abraham**
**Fr. P.A. Philip**
**Fr. Thomas Amayil**
**Thomas Kuruvila**
**Dr. Saramma Varghese**
**Priya Jacob**
**Adv. Jaicy Karingattil**


# പരീക്ഷാ മാർഗ്ഗനിർദ്ദേശക ക്ലാസ്

അഖില മലങ്കര പ്രാർത്ഥനായോഗത്തിന്റെ ആഭിമുഖ്യത്തിൽ പരുമല സെമിനാരിയിൽ വച്ചു സംഘടിപ്പിച്ച പരീക്ഷാ മാർഗ്ഗനിർദ്ദേശക ക്ലാസിന്റെ ഉദ്ഘാടനം ചെങ്ങന്നൂർ ഭദ്രാസനാധിപൻ അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലിത്ത നിർവഹിച്ചു.

വൈസ് പ്രസിഡന്റ് ഫാ. ജോൺസൺ കല്ലിട്ടതിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ.ഗീവർഗീസ് ജോൺ ആമുഖ ഒരുക്ക ധ്യാനം നത്തി. ജനറൽ സെക്രട്ടറി ഫാ.എബി ഫിലപ്പ് പ്രവത്തന റിപ്പോർട്ട് അവതരിപ്പിച്ചു. പത്തനാപുരം മൗണ്ട് താബോർ ട്രെയിനിംഗ് കോളേജ് അധ്യാപിക ഡോ.റോസമ്മ ഫിലിപ്പ് ക്ലാസ്സ് നയിച്ചു.

പരുമല സെമിനാരി മാനേജർ വെരി.റവ.എം. ഡി.യൂഹാനോൻ റമ്പാൻ അസിസ്റ്റന്റ് മാനേജർ ഫാ. സൈമൺ സ്കറിയ, ഫാ. സി.വി. ഉമ്മൻ, ഫാ.ഡി.ഗീവർഗീസ്, ഫാ. ടി.എസ്. നൈനാൻ, പ്രോഗ്രാം കോ-ഓർഡിനേറ്റർ ജേക്കബ് ജോർജ് എന്നിവർ പ്രസംഗിച്ചു.

പരുമല സെന്റ് തോമസ് ഓർക്കസ്ട്ര ഗാനങ്ങൾ ആലപിച്ചു. 1800 ഓളം കുട്ടികൾ ക്യാംപിൽ പങ്കെടുത്തു. മലയാള മനോരമ സമ്മാനപദ്ധതി എല്ലാ കുട്ടികൾക്കും വിതരണം ചെയ്തു.





# ദാമ്പത്യമെന്ന തപസ്

**ഫാ. ഡോ. കെ. എം. ജോർജ്**
**(പ്രിൻസിപ്പൽ, ഓർത്തഡോക്സ് സെമിനാരി, കോട്ടയം)**

**കു**ടുംബജീവിതം ഒരു അസംബന്ധ നാടകമാണെന്ന് കരുതുന്നവരുടെ എണ്ണം ആഗോള സംസ്കാരത്തിൽ വർദ്ധിച്ചുവരുന്നു. കേരളത്തിലെ നസ്രാണികൾ സാമ്പത്തികമായും വിദ്യാഭ്യാസപരമായും ഉയരുന്ന മുറയ്ക്ക് ഈ ആഗോള സംസ്കൃതി അവരെയും ആവേശിച്ചു തുടങ്ങിയിട്ടുണ്ട്. കുടുംബം കയ്പാണ്, കുടുംബം ബന്ധനമാണ്, കുടുംബജീവിതം അറുബോറാണ് എന്നു പറയുന്ന ചെറുപ്പക്കാർ നമ്മുടെ സ്വന്തം മക്കളും സഹോദരങ്ങളുമാണ്. അവരുടെ അനുഭവത്തിന്റെ വെളിച്ചത്തിലായിരിക്കാം അങ്ങനെ പറയുന്നത്. കുടുംബത്തിന്റെ പൊല്ലാപ്പുകൾക്കൊന്നും പോകാതെ, നമുക്കു അടിച്ചു പൊളിച്ചു ജീവിക്കാം എന്നാണ് പലരും ചിന്തിക്കുന്നത്. എനിക്ക് ജോലിയുണ്ട്. നിനക്കും ജോലിയുണ്ട്. കനത്ത ശമ്പളം രണ്ടുപേർക്കും. നിന്റെ കണക്ക് നീയും എന്റെ കണക്ക് ഞാനും സൂക്ഷിക്കും. വേറെ വേറെ, നമുക്കു തോന്നുമ്പോൾ സഹവസിക്കാം. തോന്നുമ്പോൾ വേർപിരിയാം. ആരും ആരുടെയും കാര്യത്തിൽ ഇടപെടേണ്ട. ഇതാണ് സ്വതന്ത്രം. ഈ സ്വതന്ത്ര്യ സ്വർഗ്ഗത്തിൽ നമുക്ക് എല്ലാ സുഖങ്ങളും അനുഭവിച്ച് രമിക്കാം. ഏതാണ്ടിങ്ങനെയാണ് പുതിയ സംസ്കാരം യുവജനങ്ങളോട് മന്ത്രിക്കുന്നത്.

നമ്മുടെ പരമ്പരാഗതമായ കുടുംബവ്യവസ്ഥത ഈ പുതിയ കാറ്റിന്റെ ആ വേഗത്തിൽ ഒട്ടൊക്കെ ഇളകിത്തുടങ്ങി. തീർത്തും നിഷേധാത്മകമായി ഈ മാറ്റങ്ങളെ കരുതേണ്ട. നാം സ്വീകരിക്കേണ്ട ചില നല്ല മൂല്യങ്ങളെയും മുറകളെയുംപറ്റി പുതിയൊരു അവബോധം നൽകാൻ അവ സഹായിക്കും.

നമ്മുടെ അനുദിന ജീവിതത്തിന്റെ വാസ്തവം നമുക്കൊക്കെ അറിയാം. ജീവിതം നരകമാക്കി, കണ്ണീരിന്റെ കയ്പുനീരിറക്കി ദിവസങ്ങൾ തള്ളിവിടുന്ന എത്രയെത്ര കുടുംബങ്ങൾ നമുക്കു ചുറ്റുമുണ്ട്. മണവാട്ടിയുടെ മുഖത്തിട്ട മേക്ക് അപ്പ് മായുന്നതിനുമുമ്പ്, വിരുന്നുകാർ ആസ്വദിച്ചു കഴിച്ച വിഭവങ്ങളുടെ രുചി മറയും മുമ്പ് കുടുംബ കലഹം മൂലം രക്തത്തിൽ കുളിച്ച് മരിച്ച് വിറങ്ങലിച്ച നവവധുവിന്റെ ശരീരവും മലയാളിക്ക് പരിചിതമാണല്ലോ.

കുടുംബ ജീവിതത്തിൽ ഒട്ടേറെ താളപ്പിഴകളും സംഘർഷങ്ങളും ശീതസമരങ്ങളും അനുഭവിക്കുന്ന ഹതഭാഗ്യർ നമ്മുടെ സമൂഹത്തിൽ ഒട്ടും കുറവല്ല. പണ്ടും ഇതൊക്കെ ഉണ്ടായിരുന്നില്ലേ എന്നു ചോദിക്കാം. ഉണ്ടായിരുന്നു ഒരു രീതിയിൽ. പക്ഷേ, ഇപ്പോഴത്തെ അണുകുടുംബങ്ങളിൽ ഉണ്ടാകുന്ന സംഘർഷം നഗരത്തിലെ ഒറ്റപ്പെട്ട ഫ്ളാറ്റുകളിൽ പൊട്ടിതെറിക്കുന്നതുപോലെ ആയിരുന്നില്ല എന്നു പറയാം. സ്ഫോടനാത്മകമായ സന്ദർഭങ്ങളെ നിർവീര്യമാക്കാനും വലിച്ചെടുക്കാനും കഴിയുന്ന ഒരു വിശാല കുടുംബവും സാമൂഹികാന്തരീക്ഷവും മതബോധവും കൂടുതൽ മുമ്പ് ഉണ്ടായിരുന്നു. ഭാര്യയുടെയും ഭർത്താവിന്റെയും ചുമതലകളും പരസ്പര ബന്ധവും, ഓരോരുത്തരും എടുക്കേണ്ട റോളും കുടുംബത്തിലെ ഓരോ അംഗത്തിന്റെയും സ്ഥാനവും എല്ലാം വളരെ കാര്യമായി നിർവ്വഹിക്കപ്പെട്ടിരുന്ന ആ കാലത്ത് സംഘർഷങ്ങൾ പരിഹരിക്കാൻ കുറെക്കൂടി എളുപ്പമായിരുന്നു. സുഖം എന്ന വാക്കിന്റെ അർത്ഥം ഇന്നത്തേതിൽ നിന്നു വളരെ വ്യത്യസ്തമായിരുന്നു. കെട്ടിച്ചുവിട്ട വീട്ടിൽ പെണ്ണിന് സുഖമാണോ എന്ന് അന്നും എല്ലാവരും ചോദിച്ചിരുന്നു. വലിയ അല്ലലില്ലാതെ ഉണ്ണാനും ഉടുക്കാനുമുള്ള വകയും കിടക്കാനൊരിടവും അധികം പീഡിപ്പിക്കാത്ത പെണ്ണിന് സുഖം എന്നു തന്നെയായിരുന്നു ഉത്തരം. ധാരാളം വീട്ടുജോലിയും കുറച്ചൊക്കെ നാത്തൂൻപോരും അമ്മാവിയമ്മയുടെ കുത്തുവർത്തമാനങ്ങളും അധികം മിണ്ടാട്ടമില്ലാത്ത ഭർത്താവും ഒന്നും ആ സുഖത്തെ നിഹനിച്ചിരുന്നില്ല. പത്തു മുതൽ പതിനെട്ടുവരെ മക്കളെ പെറ്റുകൂട്ടി, പോറ്റിവളർത്തിയതും ആ സുഖത്തെ ബാധിച്ചില്ല ( ഈ പഴയ കുടുംബ ചിത്രത്തെ ന്യായീകരിക്കയല്ല, സാമൂഹിക യാഥാർത്ഥ്യത്തെ വിവരിക്കുകയാണ് ഇവിടെ).

ഇപ്പോൾ സുഖത്തിന്റെ നിർവചനങ്ങളൊക്കെ മാറിയല്ലോ. ഭാര്യയ്ക്കും ഭർത്താവിനും വേറെവേറെ വരവെത്ര? വീട് അല്ലെങ്കിൽ ഫ്ളാറ്റ് എത്ര വലുത്? ഇന്റീരിയർ ഡെക്കറേഷൻ ആരു നടത്തി? കാർ എത്ര? ഏത് തരം? ഉല്ലാസയാത്ര ഏതൊക്കെ രാജ്യത്തേക്ക്? എത്ര തവണ? ഷോപ്പിങ്ങ് എവിടെ? ഏതാണ് ഇഷ്ടമുള്ള റിസോർട്ട്? കുട്ടി (കൾ) ഏത് സ്കൂളിൽ പഠിക്കുന്നു? എത്ര ഹൗസ് മെയ്ഡ്സ് തുടങ്ങി ദാമ്പത്യ ലൈംഗികതയുടെ സ്വകാര്യതകളിലേക്ക് വരെ നീളുന്ന ഒരിക്കലും അവസാനിക്കാത്ത ചോദ്യങ്ങളാണ് സുഖത്തെ നിർവ്വചിക്കുന്നത്. സുഖമാണോ എന്ന ചോദ്യത്തിന് അങ്ങനെയൊക്കെ പോകുന്നു എന്നല്ലാതെ തൃപ്തിയെന്ന് ഒരിക്കലും പറയാൻ കഴിയുന്നില്ല. ഇവിടെ സംഘർഷത്തിനും വിസ്ഫോടനത്തിനും വലിയ കാരണം വേണമെന്നില്ല. ഭൗതികമായ സുഖസൗകര്യാദികളുടെ കാര്യമെടുത്താൽ പഴയ തലമുറയിലെ മാതാപിതാക്കളേക്കാൾ ഭാഗ്യവാന്മാരും ഭാഗ്യവതികളുമാണ് പുതിയ തലമുറ എന്ന് നിസ്സംശയം പറയാം. എന്നിട്ടുമെന്തേ നമുക്കൊരു തൃപ്തിയില്ലാത്തത്? അവിടെയാണ് ഉപ



ഭോഗസംസ്കാരം എന്നൊക്കെ തർജ്ജിമ ചെയ്യുന്ന ആഗോള കൺസ്യൂമർ കൾച്ചറിന്റെ അങ്ങാടി പ്രഭാവം (ഹൈപ്പർ മാർക്കറ്റ്, സൂപ്പർ മാർക്കറ്റ് ഷോപ്പിങ്ങ് മാൾ) നാം കാണുന്നത്. എത്രയെടുത്താലും വീണ്ടും വീണ്ടും തെരഞ്ഞെടുക്കാൻ സുഖസംവർദ്ധക വസ്തുക്കൾ, എത്ര മനസ്സടക്കിയാലും വീണ്ടും വീണ്ടും നമ്മെ പ്രലോഭിപ്പിക്കുന്ന മാസ്മരിക ലോകങ്ങൾ. സ്വർണ്ണക്കടകളും, പട്ടുപ്രപഞ്ചങ്ങളും ഉദ്ഘാടനം ചെയ്യാൻ മതമേലദ്ധ്യക്ഷന്മാരും രാഷ്ട്രീയ നേതാക്കളും സൂപ്പർതാരങ്ങളുമായി തോളുരുമ്മി നിൽക്കുന്നു. സുഖത്തിന് അതിർത്തി കുറിച്ചിട്ടില്ല. സുഖവും സന്തോഷവും തമ്മിലുള്ള മൗലികമായ വ്യത്യാസം നാം തിരിച്ചറിയുന്നില്ല.

ഈ പുതിയ സാഹചര്യങ്ങളിൽ സാമ്പ്രദായിക കുടുംബ വ്യവസ്ഥ തകരാറിലാകുന്നത് സ്വഭാവികം മാത്രം. പക്ഷേ, കുടുംബം എന്ന ആശയത്തെ അതിന് ആവശ്യമായ പുതിയ മാറ്റങ്ങളോടെ സംരക്ഷിച്ചില്ലെങ്കിൽ പാശ്ചാത്യ സംസ്കാരത്തിനു കഴിഞ്ഞ ഏതാനും ദശകളിൽ സംഭവിച്ചതും ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ ദുരോഗം നമുക്ക് താമസിയാതെ ഉണ്ടാകും. എന്തായിരിക്കണം നമ്മുടെ പുതിയ കുടുംബ മാതൃക എന്നാവണം നമ്മുടെ ചോദ്യം.

ക്രിസ്തീയ കുടുംബം സ്ഥാപിക്കപ്പെടുന്നത്

## മട്ടാഞ്ചേരി കൂനൻകുരിശ് സ്മാരകത്തിന് മൂന്നു കോടി രൂപയുടെ വികസന പദ്ധതി

ചരിത്രപ്രാധാന്യമുളള മട്ടാഞ്ചേരി കൂനൻകുരിശ് സ്മാരകത്തിന് മൂന്ന് കോടി രൂപയുടെ വികസന പദ്ധതിക്ക് 2011 ജനുവരി 20ാം തീയതി പരിശുദ്ധ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ മട്ടാഞ്ചേരി സ്മാരക കൗൺസിലിൽ തീരുമാനിച്ചു.

ഇതോടനുബന്ധിച്ച് വിപുലമായ പരിപാടികൾ നടപ്പിലാക്കും. മട്ടാഞ്ചേരി കൂനൻകുരിശ് സ്മാരകത്തിന്റെ ചരിത്രപ്രാധാന്യവുംമറ്റും വിശദമാക്കുന്ന **www.koonankurishu.com** എന്ന വെബ്സൈറ്റിന്റെ ഉദ്ഘാടനം യോഗത്തിൽ പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി നിർവ്വഹിച്ചു. വെബ്സൈറ്റ് നിർമ്മാണത്തിന് മേൽനോട്ടം വഹിച്ചത് കൗൺസിൽ അംഗം ജെയ്സൺ വർഗീസ് ആണ്. സ്മാരകമന്ദിര കെട്ടിട സമുച്ഛയത്തിന്റെ നിർമ്മാണത്തിന് മേൽനോട്ടം വഹിക്കുന്നതിന് ജോൺ ശാമുവേൽ, ജെയ്സൺ വർഗീസ്, മോഹൻ ഫിലിപ്പ്, കെ. ജെ. പീറ്റർ എന്നിവരെ ചുമതലപ്പെടുത്തി.

യോഗത്തിൽ വൈദിക ട്രസ്റ്റി റവ. ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, സഭാ സെക്രട്ടറി ഡോ. ജോർജ് ജോസഫ്, റവ. ഫാ. സൈമൺ ജോസഫ്, റവ. ഫാ. ഗീവർഗീസ് തോമസ്, ജെയ്സൺ വർഗീസ്, ജോൺ ശാമുവേൽ, കെ. തോമസ്, റ്റി. സഖറിയാ എന്നിവർ പ്രസംഗിച്ചു



അതിന്റെ മാത്രം ഭൗതികമായ സൗഭാഗ്യത്തിനുവേണ്ടിയല്ല, ലോകത്തിന്റെ നന്മയ്ക്കും മനുഷ്യവർഗ്ഗത്തിന്റെ ആരോഗ്യകരമായ തുടർച്ചയ്ക്കും നീതിയുടെയും സത്യത്തിന്റെയും പരിപാലനത്തിനുമാണ്. നല്ല കുടുംബം ലോകത്തിനും ദൈവത്തിന്റെ സകല സൃഷ്ടിക്കും അനുഗ്രഹകാരണമാണ്.

ഇപ്പോൾ ഉണ്ടാകുന്ന മാറ്റങ്ങളെ തിരിച്ചറിയാനും അംഗീകരിക്കാനും നമ്മുടെ സമൂഹം വളരെ മടി കാണിക്കുന്നുണ്ട്. പല കാര്യങ്ങൾ ചൂണ്ടികാണിക്കാനുണ്ട്. എങ്കിലും ഒരുദാഹരണം മാത്രമെടുക്കാം. ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയോടെ ഉയർന്ന സ്ത്രീ വിമോചന പ്രസ്ഥാനം അതിശക്തമായിത്തീർന്ന് മനുഷ്യ ജീവിതത്തിന്റെ എല്ലാ മേഖലകളെയും സ്വാധീനിച്ചു. അത് ഇടിച്ചു നിരത്തിക്കൊണ്ടിരിക്കുന്നു. എങ്കിലും കുടുംബ വ്യവസ്ഥയിൽ പുരുഷാധിപത്യം എന്ന പഴയ ചിന്തയിലാണ് നമ്മുടെ നല്ല വിദ്യാഭ്യാസമുള്ള മിക്ക ആൺകുട്ടികളും വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കുന്നത്. പൂമുഖത്ത് ചാരിക്കിടന്ന് പത്രങ്ങളായ പത്രങ്ങളൊക്കെ വായിക്കുന്ന ഭർത്താവിന് അതിരാവിലെ എഴുന്നേറ്റ് വീട്ടുജോലികൾ തുടങ്ങുന്ന ഭാര്യ ചായ കൊടുക്കുന്ന ക്ലാസിക്കൽ ചിത്രത്തെ മായിക്കാൻ എളുപ്പമല്ല. ഭാര്യയും ഭർത്താവും ഒരുപോലെ വിദ്യാഭ്യാസയോഗ്യതയുള്ളവരും ഉദ്യോഗസ്ഥന്മാരും (ഭാര്യയ്ക്ക് ഭർത്താവിനേക്കാൾ മൂന്നിരട്ടി നാലിരട്ടി ശമ്പളമാകാം) ആണെങ്കിലും, പുതിയൊരു കുടുംബം മാതൃക പലർക്കും അചിന്ത്യമാണ്. യുവതിയായ ഭാര്യ പുതിയ ഫെമിനിസ്റ്റ് അവബോധം പ്രാപിക്കയും ഭർത്താവ് പഴയ ആ ബോധത്തിൽ നിലനിൽക്കുന്നതും ചെയ്താൽ, സംഘർഷം തുടങ്ങിക്കഴിഞ്ഞു.

ഫെമിനിസ്റ്റ് ചിന്തയിലെ മുഖ്യ ആശയങ്ങളിലൊന്ന്, സ്ത്രീയുടെ ശരീരത്തിന്റെ ഉടമസ്ഥാവകാശം സ്ത്രീയ്ക്ക് തന്നെ എന്നതാണ്. സ്ത്രീ ശരീരത്തെ കച്ചവടച്ചരക്കാക്കാനും വിലപേശാനും പുരുഷന്റെ ഇഷ്ടംപോലെ കൈമാറ്റം ചെയ്യാനും പാടില്ല. ദാമ്പത്യബന്ധത്തിലാണെങ്കിലും സ്ത്രീയ്ക്ക് അവളുടെ ശരീരത്തെയും അതിന്റെ താളക്രമങ്ങളെയും കുറിച്ച് നേരിട്ടുള്ള അറിവും അവയുടെ മേലുള്ള അവളുടെ പൂർണ്ണ അധികാരവും ബഹുമാനിക്കപ്പെടണം. സ്ത്രീയെ അപമാനിക്കുന്നതിനും ഉപഭോഗ വസ്തുവാക്കുന്നതിനും പുരുഷനു കിട്ടുന്ന ലൈസൻസല്ല വിവാഹം.

പഴയരീതിയിലുള്ള ആൺകോയ്മയെ പിൻതാങ്ങാൻ പലരും മതത്തെയും പള്ളിയെയും ഉപയോഗിക്കും. എങ്കിലും ബൈബിളിൽ നാം കാണുന്നതെന്താണ്? പുരുഷനും സ്ത്രീയും ഒരുപോലെ ദൈവ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവരാണ്; പുരുഷന് കൂട്ടാളിയായി സ്ത്രീയെ സൃഷ്ടിച്ചു; അവരിരുവരും ഒരു ശരീരമായിത്തീരും എന്ന് ഉൽപ്പത്തി പുസ്തകം പറഞ്ഞതിനെ വ്യാഖ്യാനിച്ചുകൊണ്ട് സ്ത്രീ പറഞ്ഞു: ദൈവം ഒന്നിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്. വിശുദ്ധ പൗലോസ് അപ്പോസ്തോലൻ ഭാര്യാഭർത്താക്കന്മാരെ പ്രബോധിപ്പിച്ചു. ക്രിസ്തുവിനോടുള്ള ബഹുമാനം നിമിത്തം നിങ്ങൾ പരസ്പരം കീഴ്പ്പെടുവിൻ. ബൈബിളിൽ ധാരാളം പുരുഷാധിപത്യ സൂചനകൾ ഉണ്ട് എന്ന് മറക്കരുത്. അന്നത്തെ സമൂഹത്തിന്റെ അവസ്ഥയെ കാണിക്കുന്നതാണ് അത്.

പുതിയ മനുഷ്യരാശിയെ സംബന്ധിച്ചുള്ള ക്രിസ്തീയ ദർശനത്തിന്റെ കാതൽ പുരുഷാധിപത്യമല്ല. ഭാര്യയും ഭർത്താവും തമ്മിൽ പരസ്പര ബഹുമാനത്തിലും കൂട്ടായ പ്രവർത്തനത്തിലും സൗഹൃദത്തിന്റെ വേഴ്ച്ചയിലും, സമത്വബോധത്തിലും പരസ്പരമുള്ള പിന്താങ്ങലിലും മാത്രമേ നല്ല ക്രിസ്തീയ കുടുംബം വളരുകയുള്ളു. ക്രിസ്തുവിൽ വെളിപ്പെടുത്തപ്പെട്ട ദൈവസ്നേഹവും വിശാലമായ മനുഷ്യസ്നേഹവും ആണ് ക്രിസ്തീയ കുടുംബത്തിന് ദിശാബോധം നൽകുന്നത്. ലോക നന്മയ്ക്കുവേണ്ടി ദൈവ സൃഷ്ടിയുടെ അനുഗ്രഹത്തിനും അഭിവൃദ്ധിക്കും വേണ്ടി എന്ന ചിന്തയിലാവണം കുട്ടികളെ ജനിപ്പിക്കുന്നതും അവരെ വളർത്തുന്നതും. ഭൗതികമായ ലക്ഷ്യങ്ങൾ ഒരളവിൽ കഴിഞ്ഞാൽ, അത് കുടുംബത്തെ നശിപ്പിക്കും. സ്വാർത്ഥസുഖത്തിൽ മാത്രം കണ്ണുവയ്ക്കുന്ന സ്ത്രീയോ, പുരുഷനോ ദാമ്പത്യത്തെ കളങ്കപ്പെടുത്തുകയും, ലോകത്തിന് ശാപമായിത്തീരുകയും ചെയ്യും. ഇന്ന് കൊണ്ടാടപ്പെടുന്ന മിക്ക സ്വതന്ത്ര സഹവാസങ്ങളും അതിനപ്പുറം പോകുന്നില്ല.

വിവാഹ ജീവിതത്തിലെ തപോനിഷ്ഠ എന്നൊരു പ്രയോഗം ചില പൗരസ്ത്യ ഓർത്തഡോക്സ് ദൈവശാസ്ത്രജ്ഞർ ഉപയോഗിക്കാറുണ്ട്. നല്ല സന്യസ്തർ എങ്ങനെയാണോ ഭൗതിക ലോകത്തിന്റെ ക്ഷണികവശ്യതകളെ ക്രിസ്തുവിൽ വേരൂന്നിയ തങ്ങളുടെ ആത്മീയ ലക്ഷ്യവും ദർശനവും മൂലം മറികടക്കുന്നത്. അതുപോലെ കുടുംബ ജീവിതം നയിക്കുന്നവരും ത്യാഗം, സ്നേഹം, ദാനം, വിശ്വസ്തത തുടങ്ങിയ മൂല്യങ്ങളിലെ തപോനിഷ്ഠ മൂലം, തിന്മയുള്ള ഈ ലോകവ്യവസ്ഥയ്ക്ക് നന്മയുടെ ബദലുകൾ സൃഷ്ടിക്കുന്നു എന്നാണ് അതിന്റെ വിശാലമായ അർത്ഥം. നമ്മുടെ മാധ്യമങ്ങളും പരസ്യങ്ങളും കൺസ്യൂമറിസവും മറ്റും സൃഷ്ടിക്കുന്ന ലോകത്തിന്റെ വഞ്ചനകളെ തിരിച്ചറിയാൻ സഹായിക്കുന്ന കുടുംബ ജീവിത ശൈലിയാണത്. വിശ്വസ്തതയിലും സ്നേഹത്തിലും പരസ്പര ബഹുമാനത്തിലും കൂട്ടാളിത്തത്തിലും കഴിയുന്ന ഒരു കുടുംബത്തിൽ ഭാര്യയും ഭർത്താവും ഒത്തിരിയേറെ ത്യാഗവും കഷ്ടപ്പാടും അനുഭവിക്കേണ്ടി വന്നേക്കാം. കുട്ടികളെ പോറ്റി വളർത്തി, നല്ല മൂല്യങ്ങളിൽ പരിപോഷിപ്പിച്ച്, മനുഷ്യരാക്കുക എന്ന ത്യാഗപൂർണ്ണവും അതീവ ദുഷ്കരവും, എന്നാൽ അതിശ്രേഷ്ഠവുമായ ജോലിയിൽ പ്രവേശിക്കാൻ നല്ല തപോനിഷ്ഠയുള്ള സ്ത്രീ പുരുഷന്മാർക്കേ കഴിയുകയുള്ളു. കുടുംബ ജീവിതത്തിന്റെ അത്രയും ത്യാഗവും വേദനയും ക്ലേശവും ദുഃഖവും ഒരു പക്ഷെ മിക്ക അവിവാഹിതർക്കും സന്യസ്തർക്കും അനുഭവിക്കേണ്ടിവരില്ല. ഈ യാഗമാണ് പ്രപഞ്ചത്തിന്റെ ചുഴികുറ്റി (അയംയജ്ഞോ ഭുവനസ്യ നാഭി) എന്ന വേദസൂക്തം നല്ല കുടുംബ ജീവിതമെന്ന യാഗം അനുഷ്ഠിക്കുന്ന മനുഷ്യരെ കാണുമ്പോൾ ഓർത്തുപോയാൽ അത് അസ്ഥാനത്തല്ല.



# വിശ്വാസ സഹസ്രങ്ങൾ സാക്ഷികളായി ഓർത്തഡോക്സ് സഭ പുനലൂർ–കൊട്ടാരക്കര ഭദ്രാസനം ഉദ്ഘാടനം ചെയ്തു

പ്രാർത്ഥനാ നിർഭരമായ അന്തരീക്ഷത്തിൽ മലങ്കര ഓർത്തഡോക്സ് സഭ കൊട്ടാരക്കര-പുനലൂർ ഭദ്രാസനം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഭദ്രാസനം ഉദ്ഘാടനം ചെയ്തു. പുലമൺ ഓർത്തഡോക്സ് ക്രിസ്ത്യൻ സെന്ററിൽ നടന്ന സമ്മേളനത്തിൽ വിശ്വാസ സഹസ്രങ്ങൾ സാക്ഷിയായി.

സാമൂഹിക തിന്മകൾ തിരിച്ചറിഞ്ഞ് അതിൽ നിന്നും സമൂഹത്തെ മോചിപ്പിക്കാനുള്ള ബാധ്യത ഭദ്രാസനങ്ങൾക്കുണ്ടെന്ന് കാതോലിക്കാ ബാവാ ഓർമ്മിപ്പിച്ചു. ദരിദ്രരെയും അവശരെയും സഹായിക്കുക എന്നതാണ് ക്രിസ്തീയ സഭയുടെ മൂല്യലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

കേന്ദ്ര മന്ത്രി വയലാർ രവി സമ്മേളനം ഉദ്ഘാടനം ചെയ്തു. കേരളത്തിലെ വിദ്യാഭ്യാസ മേഖലയുടെ പുരോഗതി ക്രൈസ്തവ സഭകളുടെ സംഭാവനയാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. വിദ്യാഭ്യാസ രംഗത്ത് സർക്കാരിന് പരിമിതികളുണ്ട്. കേരളത്തിലെ സമൂഹത്തിന് ഒട്ടാകെ നേട്ടങ്ങൾ ലഭിക്കുന്ന രീതിയിലാണ് സഭകളുടെ സംഭാവനകൾ. കേരളത്തിന്റെ ഉയർച്ചയ്ക്കും വളർച്ചയ്ക്കും ഓർത്തഡോക്സ് സഭയുടെ സംഭാവനകൾ വളരെ വലുതാണെന്നും വയലാർ രവി പറഞ്ഞു.

ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ തേവോദോറോസ് അധ്യക്ഷത വഹിച്ചു. മുൻ മന്ത്രി ആർ. ബാലകൃഷ്ണപിള്ള, കൊടിക്കുന്നിൽ സുരേഷ് എം.പി., പി. ആയിഷാപോറ്റി എം.എൽ.എ., മാർത്തോമ്മാ സഭ കൊല്ലം-തിരുവനന്തപുരം ഭദ്രാസനാധിപൻ തോമസ് മാർ തിമോത്തിയോസ്, സഖറിയാസ് മാർ അന്തോണിയോസ്, ഡോ.ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, സഭ സെക്രട്ടറി ഡോ.ജോർജ് ജോസഫ്, ഭദ്രാസന സെക്രട്ടറി ഫാ. അലക്സ് പി.സക്കറിയ, പി.എം.ജോൺ കോർ എപ്പിസ്കോപ്പ എന്നിവർ പ്രസംഗിച്ചു.



# പ. പിതാവിനെക്കുറിച്ചുള്ള ഗുരുദർശനം



ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്

**1912–ൽ** പ. അബ്ദുൽ മശിഹാ പാത്രിയർക്കീസിനാൽ മലങ്കര സഭയിൽ സ്വയംഭരണവും സ്വയശീർഷകത്വം ഉള്ളതുമായ കാതോലിക്കേറ്റ് സ്ഥാപിതമായി. കാതോലിക്ക എന്ന വാക്ക് മഫ്രിയാനാ എന്ന അർത്ഥത്തിലാണ് സഭാചരിത്രത്തിൽ അധികവും കാണുന്നത്. സഭാ ചരിത്രത്തിൽ അപ്രകാരം തെറ്റിദ്ധരിക്കപ്പെടുവാനുള്ള സാധ്യതയും ഉണ്ട്. എന്നാൽ മലങ്കര സഭയിലെ കാതോലിക്കാ സ്ഥാനം മഫ്രിയാനേറ്റ് അല്ല എന്നത് സഭാ ചരിത്രത്തിന്റെ സത്യസന്ധമാണെന്ന് പഠനത്തിൽ വ്യക്തമാണ്. റോമൻ കത്തോലിക്കാ സഭയിൽ പാപ്പായ്ക്കുള്ള സ്ഥാനമാണ് അർമ്മീനിയൻ സഭയിലും മലങ്കര സഭയിലും കാതോലിക്കായ്ക്ക് ഉള്ളത്. മഫ്രിയാനാമാർ പാത്രിയർക്കീസിന്റെ കീഴ്സ്ഥാനികൾ മാത്രമായിരുന്നു. ഇപ്പോൾ മലങ്കരയിലുള്ള കാതോലിക്കാ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ, പ.മാർത്തോമ്മാ ശ്ലീഹായുടെ പിൻഗാമിയും, മലങ്കര സഭയുടെ പ്രധാന പിതാവുമാണ്. കാതോലിക്കാ എന്ന വാക്കിന് സാർവത്രിക പിതാവ് എന്നാണല്ലോ അർത്ഥം. മലങ്കര സഭാംഗങ്ങൾ എവിടെയെല്ലാം ഉണ്ടോ അവരുടെയെല്ലാം പ്രധാന മേലദ്ധ്യക്ഷനാണ് ഇപ്പോൾ ഭാഗ്യമോടെ വാഴുന്ന പ.പൗലോസ് ദ്വിതീയൻ ബാവാ.

പ.ദിദിമോസ് ബാവായെക്കുറിച്ച് അദ്ദേഹം എഴുതിയിരിക്കുന്ന സാക്ഷ്യം സഭാപത്രിക നവംബർ 1–15 യിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത് ഏവരും വായിക്കേണ്ടതാണ്. അദ്ദേഹത്തിന്റെ സഹോദരങ്ങൾ പറുദീസയിലാണെങ്കിലും പ.പിതാവ് ഇപ്പോഴും ആരോഗ്യത്തോടുകൂടി ഇരിക്കുന്നു. പിൻഗാമിക്ക് ഭരണപരമായ ചുമതലകൾ കൈമാറിയെങ്കിലും ഇപ്പോഴും അദ്ദേഹം കാതോലിക്കോസാണ്. ബാവാ തിരുമേനിയുടെ ബാല്യകാലത്തെക്കുറിച്ച് സ്മരിച്ചിരിക്കുന്നത് വായിച്ചാൽ, മലങ്കരയിൽ ഇതുവരെയുള്ള പിതാക്കന്മാരും, ബാല്യം മുതലെ ഭക്തരായിരുന്നു എന്ന് തെളിയിക്കാം. അവർ ആരും ആഗ്രഹിച്ച് നേടിയ സ്ഥാനങ്ങളല്ല. അഹറോനെപ്പോലെ, ദൈവം വിളിച്ചവരാണ്. പുത്രൻ തമ്പുരാൻ പോലും മഹാപുരോഹിതനാകുവാനുള്ള മഹത്വം സ്വതവേ എടുത്തില്ല (എബ്രഹാം 5:4,5).

പ.പൗലോസ് ഒന്നാമൻ ബാവായായിരുന്നു കാതോലിക്കാ സ്ഥാനം മലങ്കരയിൽ ആദ്യമായി അലങ്കരിച്ച പിതാവ്. ഒരു നൂറ്റാണ്ടിനുശേഷം അതേ നാമധാരിയായ രണ്ടാമനാണ് മാർത്തോമ്മാശ്ലീഹായുടെ ശ്ലൈഹിക സിംഹാസനത്തിൽ വാണരുളുന്നത്. ഇപ്പോഴത്തെ പ.പിതാവിന്റെ സ്ഥാനാരോഹണ വേളയിൽ ബലഹീനനായ ഞാനും അദ്ദേഹത്തിന്റെ ശിരസ്സിൽ കൈവച്ച് പ്രാർത്ഥിച്ചു. ദൈവമേ, ഇദ്ദേഹം പൗലോസ് ശ്ലീഹായെപ്പോലെയാകണമേ എന്നാണ് എന്റെ മനസ്സിൽ അപ്പോൾ ഉണ്ടായ പ്രാർത്ഥന. പൗലോസ് ശ്ലീഹായ്ക്ക് Second Founder എന്ന പേരുണ്ട്. വലിയ മിഷനറിയും, വാഗ്മിയും, വിശുദ്ധനുമായിരുന്ന പൗലോസ് ശ്ലീഹായെപ്പോലെ പൗലോസ് ദ്വിതീയൻ ബാവായ്ക്കും സാധിക്കും എന്നാണ് എന്റെ വിശ്വാസം. നവംബർ നാലാം തീയത് പുതുപ്പള്ളിയിൽ നടന്ന സ്വീകരണ യോഗത്തിൽ പ.പിതാവ് ചെയ്ത പ്രസംഗത്തിൽ സഭകളുടെ ഐക്യം എന്ന സ്വപ്നം കാണുന്നു എന്നു പറയുകയുണ്ടായി. ദൈവമേ, ഈ ആഗ്രഹം സാധിക്കണമേ എന്നാണ് അത് പത്രത്തിൽ വായിച്ചപ്പോൾ ഞാൻ പ്രാർത്ഥിച്ചത്.

പ.പൗലോസ് ശ്ലീഹായെപ്പോലെ ഒരു മിഷനറി ഉണ്ടായിട്ടില്ല. നമ്മുടെ സഭ ആരാധനാ കേന്ദ്രീകൃതമായ ഒരു സഭയാണ്. എന്നാൽ അപ്പോസ്തോലൻ എന്ന വാക്കിന്റെ അർത്ഥം പ്രേഷിതൻ എന്നാണ്. മിഷൻ എന്ന വാക്ക് ഭരണഘടനയിൽ ഇല്ലാത്തതിനാൽ അതും കൂടെ ഇപ്പോഴത്തെ ബാവായുടെ കാലത്ത് ഉണ്ടാകും എന്നാണ് എന്റെ പ്രതീക്ഷ. ഓർത്തഡോക്സ് സെമിനാരിയിൽ പഠിച്ച ഒരു വിദ്യാർത്ഥി കാതോലിക്കായാകുന്നത് ഇതാദ്യമായിട്ടാണ്. സഭകളുടെ ഒരു ഫെഡറൽ യൂണിയൻ ഭാരതത്തിൽ ഉണ്ടാകുവാൻ ദൈവം ആഗ്രഹിക്കുന്നുവെങ്കിൽ അതും യാഥാർത്ഥ്യമായിത്തീരുവാൻ പ്രാർത്ഥിക്കുന്നു. ഇതുവരെയുള്ളവരിൽ വച്ച് ഏറ്റവും പ്രായം കുറഞ്ഞ ബാവായാകയാൽ യുവാക്കളെ പ. സഭയുടെ കെട്ടുപണിക്കായും ഭാവിയുടെ വാഗ്ദാനങ്ങളായും നേടുവാൻ അദ്ദേഹത്തിലൂടെ ദൈവം പ്രവർത്തിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. മുൻഗാമികളെപ്പോലെ, സ്നേഹത്തിന്റെയും മനസ്സലിവിന്റെയും സ്ഥാപനങ്ങൾ ഇന്ത്യ മുഴുവനും ഉണ്ടാകുവാൻ ഇടയാകട്ടെ എന്നും പ്രാർത്ഥിക്കുന്നു.

വ്യക്തികളുടെ പേരിൽ സഭ ഉണ്ടാകുന്നത് ലൂഥറിന് ശേഷമാണ്. സഭ ഒന്നേയുള്ളു. അത് ഏകവും വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ സഭയാണ്.

വൈദേശികാക്രമണങ്ങളെയും തരണം ചെയ്ത് ഇന്നും മലമേൽ പണിതിരിക്കുന്ന പട്ടണം പോലെ ശോഭിക്കുന്ന പ.മാർതോമാശ്ലീഹായുടെ ഇന്ത്യൻ സഭ. കാതോലിക്കേറ്റിന്റെ ശതാബ്ദി വർഷത്തിൽ കൂടുതൽ പ.ആത്മനിറവോടെ വളരുവാനും ശോഭിക്കുവാനും ഇടയായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# ചെറിയപള്ളി ഇനി മഹായിടവക



ചെറിയ പള്ളിയെ മഹായിടവകയായി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പ്രഖ്യാപിച്ചു. പള്ളിയിൽ നടന്ന ദൈവമാതാവിന്റെ തിരുശേഷിപ്പ് പുനഃസ്ഥാപന ചടങ്ങിലായിരുന്നു വിളംബര പ്രഖ്യാപനം. ഒട്ടേറെ വിശ്വാസികൾ പങ്കെടുത്തു. തിരുശേഷിപ്പ് പുനഃസ്ഥാപന ചടങ്ങിന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ മുഖ്യകാർമികത്വം വഹിച്ചു. വികാരി സി.ജെ.പുന്നൂസ് കോർ എപ്പിസ്കോപ്പ, സഹവികാരിമാരായ ഫാ.ഏബ്രഹാം കോശി, പഴയ സെമിനാരി മാനേജർ ഫാ.പി.സി.ജോൺസൺ, ഫാ.ജോൺ ശങ്കരത്തിൽ, ഫാ.ജോയിക്കുട്ടി വർഗീസ് എന്നിവർ സഹകാർമികത്വം വഹിച്ചു. സിറിയയിലെ ഹോംസിൽ നിന്ന് 1967 – ലാണ് ദൈവമാതാവിന്റെ തിരുശേഷിപ്പ് ചെറിയപള്ളിക്ക് ലഭിച്ചത്. മലങ്കര സഭയുടെ അന്നത്തെ പരമാധ്യക്ഷനായ ഔഗേൻ ബാവായ്ക്ക് മലങ്കര സഭയുടെ സമാധാനത്തിനായി ലഭിച്ച് തിരുശേഷിപ്പ് ചെറിയ പള്ളിക്ക് കൈമാറുകയായിരുന്നു. തളിയിൽകോട്ട രാജാവ് കൈമാറിയ സ്ഥലത്ത് 432 വർഷങ്ങൾക്ക് മുമ്പാണ് ചെറിയ പള്ളി സ്ഥാപിച്ചത്.

മണർകാട് പള്ളി, കുറിച്ചി പള്ളി, മാർ ഏലിയാ കത്തീഡ്രൽ, കല്ലുങ്കത്രപള്ളി, മാങ്ങാനം പള്ളി, പുതുപ്പള്ളി പള്ളി, നട്ടാശേരി, കുമ്മനം, താഴത്തങ്ങാടി, കാരാപ്പുഴ പള്ളികൾ കാലാകാലങ്ങളിൽ ഇടവകകളായി പിരിഞ്ഞു പോവുകയായിരുന്നു. 1200ലേറെ കുടുംബങ്ങൾ ഇപ്പോൾ അംഗമായ പള്ളിയിൽ ദിവസവും വിദേശിയർ ഉൾപ്പടെയുള്ളവർ സന്ദർശനത്തിന് എത്തുന്നുണ്ട്.

ഒരു കാലത്ത് മലങ്കര മെത്രാപ്പോലീത്തയുടെ ആസ്ഥാനമായിരുന്നു. ടൂറിസം മാപ്പിലും ചെറിയ പള്ളി സ്ഥാനം പിടിച്ചിട്ടുണ്ട്

# തിരുശേഷിപ്പ് സ്ഥാപിച്ചു



വകയാർ സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളിയുടെ നവതി ആഘോഷങ്ങളോടനുബന്ധിച്ച് മലങ്കരയുടെ മഹാ പരിശുദ്ധനായ പരുമല തിരുമേനിയുടെ തിരുശേഷിപ്പ് ഭക്ത്യാദരപൂർവം ഇടവകയിൽ സ്ഥാപിച്ചു.

പരുമലയിൽനിന്ന് പ്രത്യേകം ക്രമീകരിച്ച രഥത്തിലാണ് തിരുശേഷിപ്പ് പേടകം ഇടവകയിലേക്ക് കൊണ്ടുവന്നത്.

# മറിയമേ നീ ഭാഗ്യവതി

ഫാ.വി.ഐ.ചെറിയാൻ



നൂറ് വർഷങ്ങൾ പിന്നിടുന്ന പിടവൂർ ശാലേം സെന്റ് മേരീസ് ഇടവകയുടെ മദ്ധ്യസ്ഥയും, ദൈവമാതാവും ആകുന്ന വിശുദ്ധ മറിയാമിന്റെ ശ്രേഷ്ഠതകളിലേക്ക് ഒരു എത്തിനോട്ടം.

വിശുദ്ധ കന്യമറിയാമിനെ ഓർക്കുകയും അവളുടെ സവിശേഷതകളെ വർണ്ണിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നത് ഓർത്തഡോക്സ് സഭയുടെ ആത്മീയതയുടെയും വിശ്വാസത്തിന്റെയും കാതലായ ഭാഗമാണ്. വിശുദ്ധ കുർബ്ബാനയിലും, കാനോനിക നമസ്ക്കാരങ്ങളിലും വിശുദ്ധ കന്യാമറിയാമിന് നൽകിയിരിക്കുന്ന സ്ഥാനം അതുല്യമാണ്. ധാരാളം പെരുന്നാളുകൾ സഭയിൽ വിശുദ്ധ മറിയാമിനായി വേർതിരിച്ചിട്ടുണ്ട്. വിത്തുകൾക്ക് വേണ്ടി (ജനുവരി 15) കതിരുകൾക്കുവേണ്ടി (മെയ് 15) വിശുദ്ധ മറിയാമിന്റെ ജനനം (സെപ്റ്റംബർ 8), വിശുദ്ധ മറിയാമിനോടുള്ള വചനിപ്പ് (മാർച്ച് 25), വിശുദ്ധ മറിയാമിന്റെ വാങ്ങിപ്പ് (ആഗസ്റ്റ് 15), വിശുദ്ധ മാതാവിന്റെ പുകഴ്ച (ഡിസംബർ 26) തുടങ്ങിയവയാണ്. വാങ്ങിപ്പ് പെരുന്നാളിന് മുമ്പുള്ള പതിനഞ്ച് ദിവസങ്ങളും, ജനനപെരുന്നാളിനു മുമ്പുള്ള എട്ട് ദിവസങ്ങളും വിശ്വാസികൾ നോമ്പ് ആചരിക്കുന്നു.

പിതൃപുത്ര പരിശുദ്ധാത്മാവാകുന്ന ത്രിയേക ദൈവത്തെ സഭ ആരാധിക്കുന്നു. ആരാധന ദൈവത്തിന് മാത്രമാണ്. എന്നാൽ വിശുദ്ധരുടെ ഗണത്തിൽ പ്രഥമസ്ഥാനം മാതാവിനാണ്. ഭൂതലമൊക്കെയുടെയും പ്രശംസ, ഭാഗ്യവതി, മാലിന്യമില്ലാത്തവൾ രണ്ടാം സ്വർഗ്ഗം, ക്രോബേന്മാരിലും സ്രാപ്പേന്മാരിലും ശ്രേഷ്ടതയേറിയവൾ എന്നിങ്ങനെ പല പേരുകളിലും വിശുദ്ധ മറിയം അറിയപ്പെടുന്നു. അതിൽ നിത്യകന്യക, ദൈവമാതാവ് എന്നീ വിശേഷണങ്ങളാണ് അതിപ്രധാനമായവ.

സർവ്വചരാചങ്ങളുടെയും സൃഷ്ടാവും, ആദിയും, അന്തവും ഇല്ലാത്തവനുമായ ദൈവം മനുഷ്യരാശിയുടെ രക്ഷയ്ക്കുവേണ്ടി മനുഷ്യനായി തിരുഅവതാരം ചെയ്യുവാൻ തിരുമനസ്സായപ്പോൾ പുരുഷസംസർഗ്ഗത്തിന് വിധേയ ആകാത്ത അവസ്ഥയിൽ വിശുദ്ധ കന്യകയിൽ എഴുന്നെള്ളി ശിശുവാകാൻ തിരുമനസ്സായി, അവളിൽ നിന്ന് ജനിക്കുകയാൽ അവൾ ദൈവമാതാവ് എന്ന് വിളിക്കപ്പെടുന്നു.

പാപമില്ലാത്തവനായ യേശുതമ്പുരാൻ പാപികളായ നമുക്കുവേണ്ടി മനുഷ്യജന്മമെടുത്ത് നമുക്കുവേണ്ടി കുരിശിൽ മരിച്ച് നമ്മെ രക്ഷിക്കുവാൻ ഒരുങ്ങിയപ്പോൾ പുരുഷസംസർഗ്ഗത്തിന് വിധേയ ആകാതെ പരിശുദ്ധാത്മാവാൽ ഗർഭംധരിക്കത്തക്കവണ്ണം വിശുദ്ധിയുള്ളവളായി ജീവിച്ച് നിത്യകന്യകയുടെ സ്വഭാവശ്രേഷ്ടതകളെകുറിച്ചുകൂടി അല്പമായി ഓർക്കുന്നത് നന്നായിരിക്കും. ദൈവസംസർഗ്ഗമാകുന്ന പ്രാർത്ഥനയ്ക്ക് ജീവിതത്തിൽ വലിയ സ്ഥാനം കല്പിച്ചതിനാൽ അവൾ ദൈവസന്നിധിയിൽ നിൽക്കുമ്പോഴാണ് സദ്വാർത്തയുമായി മാലാഖമാരുടെ തലവനായ ഗബ്രിയേലിനെ അവളുടെ അടുത്തേക്ക് പിതാവാം ദൈവം അയക്കുന്നത്. രാഷ്ട്ര പിതാവായ മഹാത്മജി പ്രാർത്ഥനയുടെ ശക്തിയെക്കുറിച്ച് എഴുതിയിരിക്കുന്നത് ഒരിക്കൽ വായിച്ചത് ഓർത്തുപോകുന്നു. എവിടെ നിന്നും സഹായം കിട്ടാതാകുമ്പോൾ, ആശ്വാസങ്ങൾ അസ്തമിക്കുമ്പോൾ, സഹായം എവിടെ നിന്നോ വരുന്നുവെന്ന് അനുഭവപ്പെടാറുണ്ട്. എന്റെ പ്രാർത്ഥനയ്ക്ക് ഒരിക്കൽ പോലും ദൈവം ഫലം നൽകാതിരുന്നിട്ടില്ല.

പ്രാർത്ഥനയിൽ കൂടി ദൈവകരുണയും കുറ്റങ്ങളുടെ പരിഹാരവും മറ്റുള്ളവരുടെ നന്മയും നമുക്ക് കരഗതമാക്കാം. നമ്മുടെ കർത്താവ്, പിതാവാം ദൈവം തന്നെ ലോകത്തിനു വെളിപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കുന്ന സമയത്തിന് മുമ്പായി കാനാവിലെ കല്യാണവിരുന്നു നടക്കുന്ന ഭവനത്തിലെ കുറവു നികത്തുവാനായി പുത്രസവിധത്തിൽ ചെന്ന് കാര്യം ഓർപ്പിക്കുന്നതും കരുതലിന്റെയും പെരുമാറ്റം ഇവിടെ ഓർത്തുപോകുന്നു. ഈ വിധത്തിൽ ദൈവമാതാവിന്റെ പ്രാർത്ഥനയുടെ ശക്തി നമുക്കും അനുഭവവേദ്യമാകുന്നുണ്ടല്ലോ.

ആത്മവിശ്വാസം ഉൾക്കടമായ ഇച്ഛാശക്തി, നേരായ വീക്ഷണം എന്നിവ പ്രാർത്ഥനയിലൂടെ നേടി സ്വയം ശക്തി പ്രാപിക്കുവാൻ കഴിയുമെന്ന് നമുക്ക് വഴികാട്ടിതരുന്നു.

ദൈവമാതാവിന്റെ ഒരു നന്മകൂടി ചെറുതായി രേഖപ്പെടുത്തി ലേഖനം അവസാനിപ്പിക്കാൻ ഒരുങ്ങുകയാണ്. മനുഷ്യനായി ജീവിച്ചിട്ടുള്ളതിൽ ദൈവപുത്രനായ മശിഹാ കഴിഞ്ഞാൽ താഴ്മയുടെ വിളനിലമായി കാണുന്നത് വി.കന്യകാമറിയാമിനെയാണ്. ജീവിതത്തിൽ വരാവുന്ന എല്ലാ ക്ലേശങ്ങളെയും നിന്ദകളെയും, വേദനകളെയും എല്ലാം അറിഞ്ഞിരുന്നിട്ടും ദൈവനിർദ്ദേശത്തിന് തന്നെ പൂർണ്ണമായി സമർപ്പിക്കുന്ന ഒരു സമർപ്പണത്തെക്കുറിച്ച് ഓർക്കുമ്പോൾ അതിശയം തോന്നും. തങ്ങൾക്ക് ഇല്ലാത്തവ ഉണ്ടെന്ന് വരുത്തി തീർത്ത് മറ്റുള്ളവരുടെ മുമ്പിൽ തങ്ങളെ ഉയർത്തികാട്ടുവാൻ വെമ്പൽ കൊള്ളുന്ന ഒരു വലിയ സമൂഹം നമുക്കുചുറ്റും ഉണ്ടെന്ന കാര്യം സുവിദിതമാണല്ലോ. ഈ സന്ദർഭത്തിൽ മുമ്പ് ഒരവസരത്തിൽ വായിച്ച ഒരുസംഭവം ഓർത്തുപോകുന്നു. പുരാതന ഗ്രീസ്സിൽ വൃദ്ധനായ ഒരു ശില്പി ഒരു കല്ലു കൊത്തികൊണ്ട് ഇരിക്കുകയായിരുന്നു. പരിപൂർണ്ണ ശ്രദ്ധയോടെ ഉളികൊണ്ട് ഒരോചീളും കൊത്തിമാറ്റി പൂർണ്ണ തൃപ്തി വന്നശേഷം പണിതീർത്ത ശില്പം ക്ഷേത്രസ്തംഭത്തിൽ അച്ചുതണ്ടിൽ സ്ഥാപിച്ചു. എന്നാൽ ശില്പത്തിന്റെ ഒരു വശംമാത്രമേ കാഴ്ചയ്ക്ക് ദൃശ്യമാകു. മറുവശം ക്ഷേത്രതൂണുകളാൽ അഗോചരമാണ്. ഒരു മനുഷ്യൻ ശില്പിയോടു ചോദിച്ചു ഈ മറഞ്ഞിരിക്കുന്ന ഭാഗം സുന്ദരമാക്കാൻ താങ്കൾ എന്തിന് ഇത്രയും സമയം ചെലവാക്കി. ആ ഭാഗത്തെ സൗന്ദര്യം ആർക്കും കാണാൻ സാധിക്കില്ലല്ലോ. വൃദ്ധനായ ശില്പി തന്റെ ചുറ്റികയും ഉളിയും താഴെ വച്ച് ചോദ്യകർത്താവിനെ തുറിച്ചുനോക്കി എന്നിട്ടു പറഞ്ഞു. പക്ഷേ ദൈവം കാണും.

ഈ സത്യത്തെ നമുക്ക് വിലമതിക്കാം. ഈ വിധം ജീവിതം ക്രമമായിട്ടും ചിട്ടയായിട്ടും ജീവിച്ച് തന്റെ ഏകജാതന്റെ സമീപം കഴിയുന്ന അമ്മയോട് നമുക്ക് പ്രാർത്ഥിക്കാം. ഇപ്പോഴും എപ്പോഴും നമ്മളുടെ മരണസമയത്തും പുത്രൻ തമ്പുരാനോട് ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.

## പുസ്തകം പ്രകാശനം ചെയ്തു



എ.ജി.ജോർജ്ജ് പത്തനംതിട്ട രചിച്ച ആറാമതു പുസ്തകമായ **"അവിടെയൊരുജനുവരി "** 16നു ജംഷഡ്പൂർ മാർ ഗ്രിഗോറിയോസ് ഇടവകയിൽ വച്ചു വികാരി ഫാ.പി.എസ്.വർഗീസ് ആദ്യകോപ്പി മുതിർന്ന ഇടവകാംഗം കെ.എസ്. മാത്യുവിന് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു.

## മീഡിയ സെക്രട്ടറിയായി നിയമിച്ചു



മലങ്കര ഓർത്തഡോക്സ് സഭ കൽക്കട്ട ഭദ്രാസനത്തിന്റെ മീഡിയ സെക്രട്ടറിയായി കുവൈറ്റ് സെന്റ് ഗ്രിഗോറിയോസ് മഹാ ഇടവകാംഗം ജെറി ജോൺ കോശിയെ ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ.ജോസഫ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലിത്ത നിയമിച്ചു.

മാവേലിക്കര കരിപ്പുഴ പരേതനായ വൈ.കോശിയുടെയും സാറാമ്മ കോശിയുടെയും മകനാണ്. പത്തിച്ചിറ സെന്റ് ജോൺസ് വലിയപള്ളിയാണ് മാതൃ ഇടവക. കുവൈറ്റ് സെന്റ് ഗ്രിഗോറിയോസ് മഹാ ഇടവകയുടെ സെക്രട്ടറി യായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

# മൃത്യുവിൻ മൃതി



ജോൺ കുന്നത്ത്

കവിത

അഗ്നിസിംഹാസനമതിലാരൂഢനായ് വാഴും
ഭൂസ്വർഗങ്ങൾക്കധിപതിയാകും രാജരാജൻ

ഇരുലോകങ്ങളുമതിഭംഗ്യാ പരിപാലിക്കവെ
ഉണ്ടായി ഗുരുതരമൊരു പ്രശ്നം പാരിടത്തിൽ

ഭൂഗർഭേയുള്ളൊരു വൻ ഗുഹയിൽ നിന്നും വന്ന
മൃത്യുവെന്നറിയപ്പെട്ടിടുമൊരു ഭീകരരൂപി

നിർഭയരായ് ഭൂവിൽ മേവിടും മാനവരെ
ബന്ധിതരാക്കിതൻ ഗുഹയതിലടിമകളായ് മാറ്റി

അന്ധകാരത്തിലാണ്ടൊരാ ഗുഹയിൽ നിന്നും
പീഢതരുടെ നിലവിളി ശബ്ദം സ്വർഗേയെത്തി

മൃത്യുവിൽ നിന്നും മാനവരെ രക്ഷിച്ചീടാൻ
വന്നു ഭൂവിൽ സ്വർഗോന്നതിയിൽ നിന്നും രാജൻ

വേഷപ്രച്ഛന്നനായ് രാജൻ ഭയമില്ലാതെ
ചെന്നു ഭീകരരൂപി തൻ സവിധത്തിൽ മെല്ലെ

ആരിതെന്നറിയാതാ രാജനെ ഭീകരരൂപി
ബന്ധിച്ചു വേഗം തന്നുടെ ഗുഹയതിലാക്കീനാൻ

ബന്ധിതനായ് ഗുഹയിലകപ്പെട്ടൊരു രാജരാജൻ
ചങ്ങല പൊട്ടിച്ചതിവേഗം സ്വരൂപം പൂണ്ടു

ഭൂസ്വർഗ്ഗങ്ങൾക്കധിപതിയെത്തൻ ഗുഹ തന്നുള്ളിൽ
ദർശിച്ചാ ഭീകരരൂപി അതി ഭീതനായി

ശക്തരാമെതിരാളികളുടെ പോരാട്ടത്തിങ്കൽ
ഭൂമി ഞെട്ടി വിറച്ചു സ്വർഗം കിടിലം കൊണ്ടു

പോരാട്ടത്തിനൊടുവിൽ മൃത്യു മൃതനായ് വീണു
ഭൂസ്വർഗങ്ങളിലെങ്ങും വിജയഭേരി മുഴങ്ങി

മൃത്യുവിൻ ഗുഹയിലടിമകളായ് പാർത്തു പോന്ന
മനുഷ്യരെ രാജൻ ബന്ധനവിമുക്തരാക്കി

മൃത്യുവിൻ മൃതിയിൽ ഭൂവാസികളാമോദിച്ചു
ഭൂസ്വർഗങ്ങളിലെങ്ങും വീണ്ടും ശാന്തി പരന്നു

# സ്മരണകളിൽ തെളിയുന്ന ദീപ്തമുഖം: പ.മാത്യൂസ് ദ്വിതീയൻ ബാവാ

പ.മാത്യൂസ് ദ്വിതീയൻ ബാവയുടെ പാവനസ്മരണകൾക്കു മുമ്പിൽ ആദരം അർപ്പിച്ചുകൊണ്ട് അബുദാബി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് കത്തീഡ്രലിൽ പ.ബാവയുടെ ചിത്രപ്രദർശനവും ഡോക്യുമെന്ററി പ്രദർശനവും നടത്തി. 2011 ജനുവരി 28ന് വിശുദ്ധ കുർബ്ബാനാനന്തരം നടത്തിയ പ്രദർശനത്തിൽ പ.ബാവാ തിരുമേനിയുടെ അപൂർവ്വങ്ങളായ ചിത്രങ്ങളും വീഡിയോ ക്ളിപ്പിങ്ങുകളും ഉൾപ്പെടുത്തിയിരുന്നു.

അനുസ്മരണ ചടങ്ങിൽ കത്തീഡ്രൽ വികാരി ഫാ.ജോൺസൺ ഡാനിയേൽ പ.മാത്യൂസ് ദ്വിതീയൻ ബാവയെക്കുറിച്ചുള്ള സ്മരണകൾ ഓർത്തെടുത്തു. പ.വലിയബാവയുടെ സെക്രട്ടറി ഫാ.എൽദോ പോൾ മലങ്കര ഓർത്തഡോക്സ് സയ്ക്ക് പ.മാത്യൂസ് ദ്വിതീയൻ ബാവാ നൽകിയ സംാവനകളും ാവിതലമുറയെ വാർത്തെടുക്കുവാൻ പ.ബാവാ കാണിച്ച താൽപര്യങ്ങളെക്കുറിച്ചും വിശദമായി പ്രതിപാദിച്ചുകൊണ്ട് സംസാരിച്ചു. അബുദാബി കത്തീഡ്രൽ സ്ഥാപിക്കുവാൻ മുൻകൈയ്യെടുത്തത് പ.മാത്യൂസ് ദ്വിതീയൻ ബാവായാണ്. യുവജനപ്രസ്ഥാന അംഗങ്ങളും പ.ബാവായുടെ സ്മരണകൾ പങ്കുവെച്ചു.

# ഡൽഹി ഓർത്തഡോക്സ് യൂത്ത് ഫെസ്റ് 2011




ഡൽഹി ഓർത്തഡോക്സ് യൂത്ത് ഫെസ്റ് 2011 ബ്രഹ്മവാർ ഭദ്രാസനാധിപൻ അഭിവന്ദ്യ യാക്കോബ് മാർ ഏലിയാസ് മെത്രാപ്പോലിത്ത ഉദ്ഘാടനം ചെയ്തു. ഭൌതികതയ്ക്ക് ഉപരിയായി ആത്മീയത ഉൾക്കൊള്ളുന്ന യുവസമൂഹമായി ഇന്നത്തെ യുവജനത മാറണമെന്ന് അഭി.തിരുമേനി ഉദ്ബോധിപ്പിച്ചു.

ബാഹ്യമായ മാറ്റമല്ല ആത്മീയതയുടെ ആന്തരികമായ യാഥാർത്ഥ്യ തലങ്ങളിലേക്ക് കടന്നുചെല്ലുമ്പോൾ മാത്രമേ ആരാധനാജീവിതത്തിന്റെ അർത്ഥം മനസ്സിലാകൂവെന്നും പ്രകടിപ്പിക്കലിന്റെയും പ്രചരണത്തിന്റെയും ആകർഷണത്തിൽ അല്ല സേവനം ചെയ്യേണ്ടത്. മറിച്ച് വേദനിക്കുന്ന ഹൃദയങ്ങളെ തിരിച്ചറിഞ്ഞ് നമ്മുടെ ഇല്ലായ്മയിൽനിന്ന് ഔദാര്യമായി സേവനം ചെയ്യുവാൻ യുവാക്കൾ മാതൃകയായി തീരണമെന്നും തിരുമേനി പറഞ്ഞു.

ഞായറാഴ്ച (30) മയൂർ വിഹാർ ഫേസ് വൺ സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് നടത്തപ്പെട്ട ഡൽഹി ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ വാർഷിക കലാ മത്സരങ്ങളിൽ പ്രസംഗമത്സരത്തിൽ ദ്വാരക സെന്റ് ജോർജ്ജ് യൂണിറ്റിലെ ജോൺ പി. ലൂക്ക് ഒന്നാം സ്ഥാനവും മയൂർവിഹാർ ഫേസ് വൺ സെന്റ് ജോൺസ് യൂണിറ്റിലെ ഷോണി തോമസ് രണ്ടാം സ്ഥാനവും, ഗാസിയാബാദ് സെന്റ് തോമസ് യൂണിറ്റിലെ പി.വി.തോമസ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

# വൈദികർ പ്രകൃതി സ്നേഹത്തിന്റെ സന്ദേശവാഹകരാണം: മാർ ക്ലീമീസ്



പ്രകൃതിയെ സംരക്ഷിക്കാനുള്ള ചുമതല മനുഷ്യർക്കുണ്ടെന്നും വൈദികർ പ്രകൃതി സ്നേഹത്തിന്റെ സന്ദേശവാഹകരാകണമെന്നും തുമ്പമൺ ഭദ്രാസനാധിപൻ അഭി.കുര്യാക്കോസ് മാർ ക്ലിമ്മിസ് പറഞ്ഞു.

മാക്കാംകുന്ന് സെന്റ് സ്റീഫൻസ് കത്തീഡ്രലിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ സെന്റ് തോമസ് ഓർത്തഡോക്സ് വൈദിക സംഘം മധ്യമേഖലാ സമ്മേളത്തിൽ അധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. സഹജീവികളോടുള്ള ആർദ്രതയാണ് ദൈവസ്നേഹത്തിന്റെ പ്രകടനമെന്ന് സമ്മേളനം ഉദ്ഘാടനം ചെയ്ത അഭി.തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലിത്താ പറഞ്ഞു.

സഭ വൈദിക ട്രസ്റ്റി ഫാ.ഡോ.ജോൺസ് ഏബ്രഹാം കോനാട്ട് ക്ളാസ്സ് നയിച്ചു. അഭി.പൗലൊസ് മാർ പക്കോമിയോസ്, അഭി.യൂഹാനോൻ മാർ ക്രിസോസ്റമോസ്, അഭി.ജോഷ്വാ മാർ നിക്കോദിമോസ്, അഭി.ഏബ്രഹാം മാർ സെറാഫിം, വൈദികസംഘം ജനറൽ സെക്രട്ടറി ഫാ.സജി അമയിൽ, സെൻട്രൽ സോൺ കോഓർഡിനേറ്റർ ഫാ.വർഗീസ് കളീക്കൽ, ഫാ.ജോർജ് മാത്യു, രാജു വർഗീസ് എന്നിവർ പ്രസംഗിച്ചു. കോട്ടയം, കോട്ടയം സെൻട്രൽ, നിരണം, മാവേലിക്കര, തുമ്പമൺ, നിലയ്ക്കൽ ഭദ്രാസനങ്ങളിൽനിന്നുള്ള വൈദികർ പങ്കെടുത്തു.

# ഓർത്തഡോക്സ് ദൈവശാസ്ത്രത്തിന്റെ ചില അടിസ്ഥാന പ്രമാണങ്ങൾ



ഡോ. മാത്യു വൈദ്യൻ കോർ–എപ്പിസ്കോപ്പ

**1. ദൈവശാസ്ത്രം സഭാ ശാസ്ത്രത്തിൽ അധിഷ്ഠിതമാകണം**

സത്യത്തിന്റെ തൂണും അടിസ്ഥാനവുമാണ് സഭ (1. തിമോ 3:15). അതിനാൽ സഭയുടെ ദൈവശാസ്ത്രം ഉറച്ച സഭാ ശാസ്ത്രത്തിൽ അടിസ്ഥാനമാക്കിയുള്ളതാകണം. ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മീയ വളർച്ചയ്ക്ക് അതായത് സഭയുടെ കെട്ടുപണിക്ക് ഉതകുന്നതാകണം സഭാംഗങ്ങൾക്ക് ലഭിക്കുന്ന എല്ലാ കഴിവുകളും വരങ്ങളും. അത് സ്വന്തം പുകഴ്ചയ്ക്കോ സ്ഥാനമാനങ്ങൾക്കോ ആകരുത്. നമ്മുടെ അറിവ്, പഠനം. വ്യാഖ്യാനം, അന്വേഷണങ്ങൾ, ഗ്രന്ഥരചന, പ്രഭാഷണം, ശുശ്രൂഷകൾ ഇവയെല്ലാം സഭയുടെ മഹത്വത്തിനും കെട്ടുപണിക്കും ഉതകണം.

**2. ആരാധന പശ്ചാത്തലത്തിലാണ് ദൈവശാസ്ത്രം അർത്ഥവത്താകുന്നത്**

അ.പ്ര. 13:2,3 അവർ കർത്താവിനെ ആരാധിച്ചും ഉപവസിച്ചും കൊണ്ടിരിക്കുമ്പോൾ, ഞാൻ ബർന്നബാസിനെയും ശൗലിനെയും വിളിച്ചിരിക്കുന്ന വേലയ്ക്കായിട്ട് അവരെ എനിക്ക് വേർതിരിപ്പിൻ എന്നു പരിശുദ്ധാത്മാവ് പറഞ്ഞു. അങ്ങനെ അവർ ഉപവസിച്ച് പ്രാർത്ഥിച്ച് അവരുടെ മേൽ കൈവച്ച് അവരെ പറഞ്ഞയച്ചു. ബൈബിൾ വചനങ്ങൾ രൂപപ്പെട്ടത് ക്രിസ്തീയ സഭയുടെ ആരാധന പശ്ചാത്തലത്തിലാണ്. അതിനാൽ ആരാധനാ ചക്രവാളത്തിലേക്കിറങ്ങിച്ചെന്ന് ജീവിച്ചെങ്കിൽ മാത്രമേ ആ രചനകളുടെ ആഴവും അർത്ഥവും ഗ്രഹിക്കാൻ കഴിയു. ആരാധനയെക്കുറിച്ച് പഠിപ്പിക്കാൻ കഴിവുള്ളയാളല്ല, ആരാധിക്കുന്ന ആളാണ് ദൈവശാസ്ത്രജ്ഞൻ. ആദിമസഭ മോശയുടെ ന്യായപ്രമാണവും പ്രവാചക പുസ്തകങ്ങളും ആധാരമാക്കി യേശുവിനെക്കുറിച്ച് വിവരിച്ചതുപോലെ അവയെ ആധാരമാക്കിയാണ് യേശുവിനെ ആരാധിച്ചതും. അ.പ്ര. 28:23 കാണുക

**3. തത്വചിന്താപരമായ വിശകലനമല്ല, വിശുദ്ധിയിലുള്ള വളർച്ചയാണ് ദൈവശാസ്ത്രം**

ക്രിസ്തീയ മതം ഒരു ജീവിത ശൈലിയാണ്, അഭിപ്രായമല്ല. വിശുദ്ധിയിലും ആരാധനയിലും വളരുന്ന അനുഭവമാണ് ദൈവശാസ്ത്രം. അധരവ്യായാമമോ വാചകക്കസർത്തോ പദസമ്പത്തുകളുടെ പകിടകളിയോ അല്ല ദൈവശാസ്ത്രം. ക്ലാസുമുറിയിലെ ജ്ഞാനമോ പുസ്തകത്താളുകളിലെ ചപ്പുചവറുകളോ, ഭൗതികാധികാരത്തിന്റെ അടിച്ചേല്പിക്കപ്പെട്ട നിയമസംഹിതകളോ അല്ല. കണ്ണുനീരും അനുസരണവും കൗദാശിക ജീവിതവും അച്ചടക്കവും നിഷ്ഠയും ജീവിത വിശുദ്ധിയുമാണ് ദൈവശാസ്ത്രം. അറിവും പുസ്തകവും നിയമസംഹിതകളുമൊക്കെ ഇപ്രകാരമുള്ള അനുഭവത്തിനും വളർച്ചയ്ക്കും സഹായകരമായി തീർന്നേക്കാം എന്നു മാത്രം. പാണ്ഡിത്യമല്ല, ജീവിതമാണ് പ്രധാനം. അറിവ് നമ്മെ ചീർപ്പിക്കുവാൻ സാദ്ധ്യതയുണ്ട്. പ്രത്യേകിച്ച് അക്കാദമിക് ഡിഗ്രികൾ സമ്പാദിക്കുന്നതിനു വേണ്ടിയുള്ള അറിവുനേടലിന് ധാരാളം അപകടങ്ങൾ പതിയിരിപ്പുണ്ട്. അക്കാദമിക് വൈദഗ്ദ്ധ്യത്തെ മെരുക്കിയെടുക്കണം. അനുഷ്ഠാനപാതയെ നിർമ്മലീകരിക്കണം.

**4. ആചാരങ്ങളും അനുഷ്ഠാനങ്ങളുമാണ് ദൈവശാസ്ത്രം**

സഭയുടെ പാരമ്പര്യങ്ങൾ കൈമാറി ലഭിച്ചിരിക്കുന്നത് വാമൊഴിയും വരമൊഴിയുമായിട്ടാണ്. ലിഖിതമായി കിട്ടിയ വി.വേദപുസ്തകം സഭയുടെ പാരമ്പര്യത്തിന്റെ ഒരു പ്രധാന ഭാഗവും അടിസ്ഥാന ഘടകവുമാണ്. അപ്പോസ്തോലന്മാർ സ്ഥാപിച്ച സഭകളിൽ ആചാരങ്ങളായും അനുഷ്ഠാനങ്ങളായും മറ്റും ഈ പാരമ്പര്യങ്ങൾ നിലവിലിരുന്നു. അവ കൈമാറി തലമുറകൾക്ക് ലഭിച്ചു. ഈ ആചാരങ്ങളും അനുഷ്ഠാനങ്ങളുമാണ് ദൈവശാസ്ത്രം. 2. തെസ്സ 2:15, 3:6; 1 കൊരി 11:2, 11:34; ഫിലി 4:9; 2 തിമോ. 1:13 തുടങ്ങിയ ഭാഗങ്ങൾ ശ്രദ്ധിക്കുക.

**5. ധ്യാനവും ഉപവാസവും ഉപനയനവുമാണ് ദൈവശാസ്ത്രം**

വാക്കുകളും പ്രസംഗങ്ങളും പോലെതന്നെ പ്രധാനമാണ് നിശ്ശബ്ദതയും ധ്യാനവും. സത്യം ഉൾക്കൊള്ളുന്നതിന് ഇപ്രകാരമുള്ള എല്ലാ മാർഗ്ഗങ്ങളും സഹായിക്കും. സൃഷ്ടിയോടും സൃഷ്ടാവിനോടും ആശ്ചര്യം കൂടുന്ന സമീപനം തന്നെ ആരാധനയും ആസ്വാദനവുമാണ്. ചാകരയുള്ളിടത്ത് ഓളമില്ല. പരിശുദ്ധാത്മ ഫലങ്ങൾ നമ്മിൽ നിന്നു പുറപ്പെടുമ്പോൾ ലഭിക്കുന്ന ശക്തിയാണ് പരിശുദ്ധാത്മ ശക്തി. വികാരത്തള്ളലിന്റെ വൈകൃതങ്ങളല്ല, ആരാധനയിലലിഞ്ഞു ചേരുന്ന ഉപനയനവും ഉപാസനയുമാണ് ദൈവശാസ്ത്രം.

**6. സഭയുടെ പ്രതീകങ്ങളും നിറക്കൂട്ടുകളും ദൈവശാസ്ത്രം തന്നെ**

ചിഹ്നങ്ങളും പ്രതീകങ്ങളും എണ്ണമറ്റ ആശയങ്ങൾ പ്രതിബിംബിക്കുന്നു. അറിവും അനുഭവവും പകർന്നു കൊടുക്കുന്നതിൽ സഭയുടെ മാധ്യമങ്ങളും പ്രതീകങ്ങളും സഹായിക്കുന്നു. പ്രതീകങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ആചാരങ്ങളും ആഘോഷങ്ങളും സഭയുടെ സമ്പർക്ക, സംവേദന മാദ്ധ്യമങ്ങളാണ് (ഉദാ. ഐക്കോണുകൾ). പ്രതീകങ്ങൾ സുവിശേഷ പ്രസംഗങ്ങൾ തന്നെ. ആശയ സംവേദനത്തിനുള്ള ഇത്തരം മാധ്യമങ്ങൾ ദൈവശാസ്ത്രമാണ്.

**7. സഭയുടെ പങ്കിടലും സ്നേഹ ശുശ്രൂഷയും ജീവകാരുണ്യവും ദൈവശാസ്ത്രമാണ്.**

ക്രിസ്തീയ പ്രമാണങ്ങൾ പ്രായോഗിക തലത്തിൽ കൊണ്ടുവന്നില്ലെങ്കിൽ പഠിക്കുന്നതിലും പറയുന്നതിലും അർത്ഥമില്ല. ഭക്തിമാർഗ്ഗവും ജ്ഞാനമാർഗ്ഗവും കർമ്മമാർഗ്ഗത്തിലേക്ക് നയിക്കണം. Orthodoxy is Orthopraxix. സമൂഹത്തെ ഉദ്ധരിക്കുന്നതിനും വികസനോന്മുഖമാക്കുന്നതിനുമുള്ള പദ്ധതികൾ ദൈവശാസ്ത്രം തന്നെ. വിശുദ്ധ കർബ്ബാനയെന്ന ബലിയർപ്പണം പ്രായോഗിക പങ്കിടലേക്കും എന്റെ അദ്ധ്വാനഫലം സമൂഹത്തിന്റേത് എന്ന അനുഭവത്തിലേക്കും നയിക്കണം.

**8. ദൈവശാസ്ത്രം ദൈവീകരണവും തേജസ്കരണവുമാണ്**

നന്മയിലുള്ള നിരന്തര വളർച്ചയാണ് ദൈവീകരണം. താബോർ മലയിലെ തേജസ്കരണം എന്ന രൂപാന്തരാനുഭവമാണ് ഒരു ക്രിസ്തീയ വിശ്വാസിയുടെ അത്യന്തിക ലക്ഷ്യം. ദൈവവുമായുള്ള ഏകീകരണാനുഭവത്തെ നിത്യജീവൻ പ്രാപിക്കലെന്നും ദൈവരാജ്യാനുഭവമെന്നും നാം വിവക്ഷിക്കുന്നു. ദൈവതേജസ്സ് കണ്ട് സംതൃപ്തിയടയുകയല്ല, തേജസ്സ് ആയിത്തീരുകയാണ് വേണ്ടത്. ശോഭയാർജ്ജിക്കലാണ് ദൈവശാസ്ത്രം. നമ്മിലുള്ള ദൈവതേജസ്സ് ജ്വലിപ്പിക്കുന്ന പ്രക്രിയയാണ് ദൈവശാസ്ത്രം.

## മാത്യൂസ് ദ്വിതീയൻ ബാവാ
## സമൂഹത്തിനായി ജീവിതം സമർപ്പിച്ച വ്യക്തിത്വം: കാതോലിക്കാ ബാവാ



സമൂഹത്തിലെ വിവിധ തലങ്ങളിലുള്ളവരുടെ വളർച്ചയ്ക്കായി ജീവിതം സമർപ്പിച്ച വ്യക്തിത്വമായിരുന്നു മാത്യൂസ് ദ്വിതീയൻ ബാവാ എന്നു പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അനുസ്മരിച്ചു.

മാത്യൂസ് ദ്വിതീയൻ ബാവായുടെ അഞ്ചാം ഓർമ്മ പെരുന്നാളിന്റെ ഭാഗമായുള്ള അനുസ്മരണ സമ്മേളനം ശാസ്താംകോട്ട മാർ ഏലിയാ ചാപ്പലിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു ബാവാ.

യാക്കോബ് മാർ ഏലിയാസ് അധ്യക്ഷത വഹിച്ചു. പി.ജെ.കുര്യൻ എം.പി., സഭാ വൈദിക ട്രസ്റ്റി ഫാ. ഡോ.ജോർജ് ഏബ്രഹാം കോനാട്ട്, സഭാ അൽമായ ട്രസ്റ്റി എം.ജി.ജോർജ് മുത്തൂറ്റ്, ഡോ.അലക്സാണ്ടർ കാരയ്ക്കൽ, അസോസിയേഷൻ സെക്രട്ടറി ഡോ.ജോർജ് ജോസഫ്, റോയി വൈരമൺ, ജോൺസൺ ഉമ്മൻ, വൈ.ജോയി, ഫാ.കെ.ടി.വർഗീസ് എന്നിവർ പ്രസംഗിച്ചു.

പ്രസംഗം, ഉപന്യാസം മത്സരങ്ങളിൽ വിജയിച്ചവർക്കു സമ്മാനവും വിദ്യാഭ്യാസ അവാർഡുകളും ബാവാ വിതരണം ചെയ്തു.

## മാർ ഗ്രീഗോറിയോസ് കാരുണ്യനിലയം സാന്ത്വന ശുശ്രൂഷാരംഗത്തേക്ക്




നിർധന രോഗികൾക്കും അവരെ പരിചരിക്കുന്നവർക്കും സൗജന്യ താമസം, ഭക്ഷണം, മരുന്ന്, ക്യാൻസർ കെയർ, രക്തം എന്നിവ നൽകി കോട്ടയം മെഡിക്കൽ കോളജിനു സമീപം ഓർത്തഡോക്സ് സഭയുടെ ആഭിമുഖ്യത്തിൽ കഴിഞ്ഞ 16 വർഷമായി പ്രവർത്തിക്കുന്ന മാർ ഗ്രിഗോറിയോസ് കാരുണ്യനിലയം സാന്ത്വന പരിപാലന സേവനവും ആരംഭിക്കുന്നു.

മാർ ഗ്രാഗോറിയോസ് കാരുണ്യ നിലയത്തോടനുബന്ധിച്ച് തുടങ്ങുന്ന പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ ഉദ്ഘാടനം ജനുവരി 28ന് ഓർത്തഡോക്സ് സഭാദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ നിർവഹിച്ചു.



Malankara Orthodox Syrian Church, Kottayam, Chief Editor: Fr. Dr. Reji Mathew, Managing Editor: Rev. Yuhanon Ramban
Layout & Design: Anup Pullamvilallil, Published at Parumala Seminary, Phone: 0479 23112202